"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തസ്വഭവ-ആറളം നവജീവൻ കോളനി മാതൃകാ ഗ്രാമം എന്ന കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ പദ്ധതിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.998/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/05/2020

---

പരാമർശം:- 1 കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11/02/2020ലെ കത്ത്.

2 കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 17/01/2020ലെ B7/-4855/19 നമ്പർ കത്ത്.

3 25/02/2020-ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.92.

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ ആറളം പരിപ്പ് തോട് എന്ന സ്ഥലത്ത് 2006-07-ൽ 24 ഏക്കർ ഭൂമിയിൽ വീടും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി 24 പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിച്ചിരുന്നു. ഓരോ വീടിനും 1.00 ലക്ഷം രൂപ ചെലവഴിച്ച് കോൺക്രീറ്റ് വീടാണ് നൽകിയത്. ഈ വീടുകൾക്ക് ചോർച്ചയുണ്ടാവുകയും വാസയോഗ്യമല്ലാത്ത സ്ഥിതിയുമാണ് നിലവിലുള്ളത്. 11 വീടുകളുടെ അറ്റകുറ്റപ്പണിക്കായി സർക്കാർ അനുമതിയോടെ 2017-18ൽ പ്രോജക്ട് നടപ്പാക്കി. ഒരു വീടിന് 3.60 ലക്ഷം രൂപയായിരുന്നു എസ്റ്റിമേറ്റ്. ഇനിയുള്ള 13 വീടുകളിൽ 8 വീടുകളുടെ പുനരുദ്ധാരണ പ്രവൃത്തിക്ക് ഒരു വീടിന് 3.75 ലക്ഷം രൂപ നിരക്കിൽ 30 ലക്ഷം രൂപ 2019-20ൽ വകയിരുത്തിയിട്ടുണ്ട്. ഒരു അധികമുറി, ടോയിലറ്റ് എന്നിവ അധികമായി നിർമ്മിച്ചാണ് പുനരുദ്ധാരണം. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്ന കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം 2 കത്ത് കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം 1 പ്രകാരം ലഭ്യമാക്കുകയുണ്ടായി .

2 ഈ വിഷയം വിഷയം സർക്കാർ വികേന്ദ്രീകൃത ആസൂത്രണ കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം 3 തീരുമാന പ്രകാരം കണ്ണൂർ ജില്ലയിലെ ആറളം പരിപ്പ് തോട് എന്ന സ്ഥലത്ത് പുനരധിവസിപ്പിച്ച 24 പട്ടിക വർഗ്ഗ കുടുംബങ്ങളിൽ ഇനിയുള്ള 13 വീടുകളിൽ 8 വീടുകളുടെ പുനരുദ്ധാരണ പ്രവൃത്തിക്ക് ഒരു വീടിന് 3.75 ലക്ഷം രൂപ നിരക്കിൽ 30 ലക്ഷം രൂപ 2019-20ൽ വകയിരുത്തിയ പ്രകാരം ഒരു അധികമുറി, ടോയിലറ്റ് എന്നിവ അധികമായി നിർമ്മിച്ച് പുനരുദ്ധരിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കണ്ണൂർ ജില്ലാ പഞ്ചായത്ത്.

File No.DB4/50/2020-LSGD

ജില്ലാ പ്ലാനിംഗ് ഓഫീസർ കണ്ണൂർ ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) , കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) , കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Priya

സെക്ഷൻ ഓഫീസർ